**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - മൃഗസംരക്ഷണ ഗ്രൂപ്പ് സംരഭങ്ങൾക്ക് പദ്ധതി തുകയുടെ 35% ഇൻസെന്റീവ്/സബ്സിഡി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ)നം. 2490/2014/തസ്വഭവ. തിരുവനന്തപുരം, തീയതി 24/09/2014.

---

പരാമർശം (1) 23/09/2010 ലെ സ.ഉ. (ആർ.റ്റി) നം.3102/2010/തസ്വഭവ നമ്പർ ഉത്തരവ്.
(2)16/11/2013 ലെ സ.ഉ. (എം.എസ്) നം.362/2013/തസ്വഭവ നമ്പർ ഉത്തരവ്.
(3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.06.2014, 30.06.14 എന്നീ തീയതികളിലെ കെ.എ സ്സ്/എച്ച്/2350/2014 നമ്പർ കത്ത്.
(4) 23/07/2014 ലെ 3.1 നമ്പർ കോ - ഓർഡിനേഷൻ കമ്മിറ്റി തീരുമാനം

**ഉത്തരവ്**

സൂചന (1) പ്രകാരം നഗര ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ എസ്.ജെ.ആർ.എസ്.വൈ വഴി 25% സബ്സിഡി വ്യക്തിഗത സംരഭങ്ങൾക്കും, 35% സബ്സിഡി ഗ്രൂപ്പ് സംരഭങ്ങൾക്കും നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സൂചന (2) ഉത്തരവ് അനുസരിച്ച് മൃഗസംരക്ഷണ ഗ്രൂപ്പുകൾക്ക് 50% ധന സഹായം അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന/നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മൃഗസംരക്ഷണ മേഖല ഗ്രൂപ്പ് സംരഭങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ 35% ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് സൂചന (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അഭ്യർത്ഥന അംഗീകരിക്കുവാൻ സൂചന (4) പ്രകാരം സർക്കാർ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന മൃഗസംരക്ഷണ മേഖലാ ഗ്രൂപ്പ് സംരഭങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ 35% ധനസഹായം (ഇൻസെന്റീവ്/സബ്സിഡി) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(തുടർച്ച......2)

| പദ്ധതി | പദ്ധതി വിവരം | | | | |
|---|---|---|---|---|---|
| | ചുരുങ്ങിയത് അഞ്ചുപേർ അടങ്ങുന്ന ഒരു ഗ്രൂപ്പിന് (രൂപയിൽ) | | | | |
| | വാങ്ങുന്ന മൃഗസമ്പത്തിന്റെ വിവരം | പദ്ധതി വിഹിതം | ബാങ്ക് ലോൺ സബ്സിഡി തുക ഉൾപ്പെടുത്തി | ഗുണഭോക്തൃ വിഹിതം | കുടുംബശ്രീ ഇൻസെന്റീവ്/ സബ്സിഡി (പദ്ധതി തുകയുടെ 35% പരമാവധി) |
| ആട്ടുഗ്രാമം | 20 ആട് | 150000 | 142500 | 7500 | 50000 (33.33%) |
| ക്ഷീരസാഗരം | 10 പശു/എരുമ | 625000 | 593750 | 31250 | 218750 (35%) |
| മാംസ സുരക്ഷാ പദ്ധതി | 10 പോത്തു കിടാക്കൾ/15 മൂരിക്കിടാക്കൾ/ 25 പന്നി ക്കുട്ടികൾ | 150000 | 142500 | 7500 | 50000 (33.33%) |
| അടുക്കള - ത്തോട്ട മുട്ടക്കോഴി പരിപാലനം | 100 കോഴിയും 5 കൂട്ടം തീറ്റയും അനുബന്ധ ചെലവുകളും | 75000 | 71250 | 3750 | 25000 (33.33%) |
| താറാവ് വളർത്തൽ | 250 താറാവും 5 പേർക്ക് അനുബന്ധ വസ്തുക്കളും മറ്റ് ചെലവുകളും | 60000 | 57000 | 3000 | 20000 (33.33%) |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഗവ. അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
മൃഗസംരക്ഷണ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Joseph

സെക്ഷൻ ഓഫീസർ